(ഡി) കർമ്മസമിതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കർമ്മ സമിതിയുടെ പ്രവർത്തനം കൊണ്ട് പദ്ധതികൾക്ക് കാലവിളംബം കൂടാതെ ഭരണാനുമതി നൽകുന്നതിനും അതിലൂടെ പദ്ധതി നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## രജിസ്റ്റർ ചെയ്ത ചിട്ടിക്കമ്പനികൾ

**119 (1705)** ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചിട്ടി കമ്പനികൾ നടത്തുന്ന ധനകാര്യ സ്ഥാപന ങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര ചിട്ടി കമ്പനികൾ പ്രവർത്തിക്കുന്നു എന്ന് വിശദമാക്കുമോ ;

(സി) ചിട്ടിത്തുക കൈപ്പറ്റുന്നതിന് ഇടപാടുകാർക്കുണ്ടാകുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അന്വേഷണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് ചിട്ടി കമ്പനികൾ നടത്തുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളാ ചിട്ടി ആക്ട് 1975 പ്രകാരം രജിസ്റ്റർ ചെയ്യുന്ന ചിട്ടികളുടെ നടത്തിപ്പിന് പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലും ചിട്ടി ആഡിറ്റർമാരെയും ചിട്ടി ഇൻസ്പെക്ടർമാരെയും സംസ്ഥാന തലത്തിൽ ഒരു ചിട്ടി പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടറേയും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.യുടെ നേതൃത്വത്തിൽ 313 ചിട്ടി കമ്പനികളും സഹകരണ സ്ഥാപനങ്ങൾ മുഖേന 33 ചിട്ടി കമ്പനികളും 153 സ്വകാര്യകമ്പനികൾ ഉൾപ്പെടെ ആകെ 499 ചിട്ടി കമ്പനികൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. അന്വേഷണങ്ങൾ നടത്തി ഉചിതമായ നടപടികൾ എടുത്തിട്ടുണ്ട്.

## ലോട്ടറി തൊഴിലാളികളെ സഹായിക്കാൻ നടപടി

**120 (1706)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇപ്പോൾ നേരിടുന്ന തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ലോട്ടറി തൊഴിലാളികളെ സഹായിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള ഏജന്റുമാരും വില്പനക്കാരും പ്രതിമാസം 10000 രൂപ മുഖവിലയുള്ള ടിക്കറ്റുകൾ വിൽക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ എണ്ണം ആഴ്ചയിൽ 7-ൽ നിന്നും 1-ആയി കുറഞ്ഞതുമൂലം ഈ വ്യവസ്ഥ പാലിക്കാൻ പ്രയാസമുള്ളതുകൊണ്ട് ഈപ്രതിസന്ധി തുടരുന്നതുവരെ പ്രതിമാസം 1000 രൂപ മുഖവിലയുള്ള ടിക്കറ്റുകൾ വിറ്റാൽ മതിയെന്ന് വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുണ്ട്. 2010 സെപ്തംബർ 15 വരെ ക്ഷേമനിധിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്ത എല്ലാവർക്കും സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ പ്രത്യേക ധനസഹായമായി 1000 രൂപ വീതം വിതരണം ചെയ്തുവരികയാണ്. 2010 സെപ്തംബർ 15 മുതൽ ഒക്ടോബർ 30 വരെ രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ കുടിശ്ശികയും നവംബർ 30 വരെ രജിസ്റ്റർ ചെയ്ത മുഴുവൻ അംഗങ്ങൾക്കും 2010 നവംബർ, ഡിസംബർ മാസങ്ങളിൽ ധനസഹായം നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**കുത്തിയതോട് സബ് ട്രഷറി നിർമ്മിക്കുന്നതിനുള്ള നടപടി**

**121 (1707)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുത്തിയതോട് സബ് ട്രഷറി നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് നൽകുകയും അതിന്റെ പ്ലാൻ പി.ഡബ്ള്യു.ഡി. തയ്യാറാക്കി ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടും ആയതിന് അംഗീകാരം ഇതുവരെ നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ബി) പി.ഡബ്യു.ഡി. പ്രസ്തുത പ്ലാൻ തയ്യാറാക്കി സമർപ്പിച്ചതും ട്രഷറി ഡയറക്ടർക്ക് നൽകിയതും ഏതൊക്കെ തീയതികളിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ട്രഷറി വകുപ്പിന്റെ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കുത്തിയതോട് സബ് ട്രഷറി ഓഫീസ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുത്തിയതോട് സബ് ട്രഷറി കെട്ടിട നിർമ്മാണം തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ പ്ലാനിന്റെ പകർപ്പ് ട്രഷറിയിൽ ലഭിക്കുന്നത് 24-12-2009-ൽ ആണ്.

(സി) സബ്ട്രഷറി കെട്ടിട നിർമ്മാണം TIDP പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വിരകയാണ്. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly